"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണം - കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷന്റെ ശമ്പളയിന ചെലവുകൾക്കായി നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും രണ്ടാം ഗഡുവായി 7,00,000/- (ഏഴ് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.2994/2024/GAD തീയതി,തിരുവനന്തപുരം, 04-07-2024

---

പരാമർശം:- 1. സ.ഉ. (സാധാ) നം. 1893/2024/പൊഭവ തീയതി 03.05.2024

2. കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 11.06.2024 -ലെ 149/എ1/2024/KSWCFC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷന്റെ ശമ്പളയിനത്തിലെ ചെലവുകൾക്കുള്ള ധനസഹായമായി 2024-25 സാമ്പത്തികവർഷം ബഡ്ജറ്റിൽ 2235-02-190-97-31-Grant in Aid General Salary(NP) എന്ന ശീർഷകത്തിൽ 47,30,000/- (നാല്പത്തിയെഴ് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) വകയിരുത്തിയിരുന്നു. ആയതിനാൽ നിന്നും ആദ്യ ഗഡുവായി 9,46,000/- (ഒൻപത് ലക്ഷത്തി നാല്പത്തിയാറായിരം രൂപ മാത്രം) അനുവദിച്ച് നൽകുകയുണ്ടായി. എന്നാൽ ടി തുക വിനിയോഗിച്ച് കഴിഞ്ഞ സാഹചര്യത്തിൽ ഈ ഇനത്തിലുള്ള ബാക്കി തുകയായ 37.84 ലക്ഷം രൂപ അനുവദിച്ചു നൽകാൻ പരാമർശ പ്രകാരം കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് നടപ്പ് സാമ്പത്തികവർഷം (2024-25) 2235-02-190-97-31-Grant in Aid General Salary(NP) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും രണ്ടാം ഗഡുവായി 7,00,000/- (ഏഴ് ലക്ഷം രൂപ മാത്രം) ശമ്പളയിന ചെലവുകൾക്കായി ഫണ്ട് റിലീസിന്റെ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| 1 | പ്രസ്തുത തുക STSB അക്കൗണ്ടിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല. |
| 2 | 29/08/2009-ലെ സർക്കുലർ നം 75/09/ധന എന്നതിലേയും, 09/12/2008-ലെ സർക്കുലർ നം 84/08/ധന എന്നതിലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. |
| 3 | അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും GO(MS)No. 4/2020/Fin dated : 09/01/2020 പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതാണ്. |
| 4 | വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് ടി സാമ്പത്തിക വർഷം തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. |

3. പൊതുഭരണ(അക്കൗണ്ട്സ്-ജെ) വകുപ്പ് അണ്ടർ സെക്രട്ടറി 2235-02-190-97-31-Grant in Aid General Salary(NP) എന്ന ശീർഷകത്തിൽ നിന്നും 7,00,000/- (ഏഴ് ലക്ഷം രൂപ മാത്രം) പിൻവലിച്ച് കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (STSB acct no- 701011400000014) കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്, എൽ-2, കുലീന, ജവഹർ നഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം - 3
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (01.07.2024- ലെ PUC3/71/2024/Fin നമ്പർ പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (അറിവിലേക്കായി)
പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പ് ( 3 പകർപ്പുകൾ സഹിതം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 05-07-2024 11:03:46
സെക്ഷൻ ഓഫീസർ